# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2930 — 15.02.2013 - ൽ മറുപടിക്ക്

## ശാരീരികവും മാനസികവുമായ ന്യൂനതകൾ ഉള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ.

**ചോദ്യം**

ശ്രീ. പി.സി.ജോർജ്
ഡോ.എൻ.ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ

**ഉത്തരം**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

(എ) ശാരീരികവും മാനസികവുമായ ന്യൂനതകൾ ഉള്ള കുട്ടികളുടെ വിദ്യാഭ്യാസത്തിന് നിലവിൽ എന്തെല്ലാം സൗകര്യങ്ങളാണ് സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുള്ളത്; ഇത് എവിടെയെല്ലാം ലഭ്യമാണ്;

(എ) ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന മുഴുവൻ കുട്ടികൾക്കും സംസ്ഥാനത്ത് സൗജന്യമായി വിദ്യാഭ്യാസം ലഭിക്കുന്ന തിനുള്ള സൗകര്യങ്ങൾ നിലവിലുണ്ട്. സർക്കാർ എയ്ഡഡ് മേഖലകളിലായി 44 അന്ധ ബധിര വിദ്യാലയങ്ങൾ പ്രവർത്തിച്ചു വരുന്നു. കൂടാതെ എല്ലാ സർക്കാർ/ എയ്ഡഡ് സ്കൂളുകളിലും സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം പ്രസ്തുത വിഭാഗം കുട്ടികൾക്ക് പ്രത്യേക പരിഗണന യോടുകൂടി സൗജന്യ വിദ്യാഭ്യാസ സൗകര്യം നിലവിലുണ്ട്. മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ച 278 സ്കൂളുകളും പ്രവർത്തിച്ചു വരുന്നുണ്ട്.

(ബി) ഇപ്രകാരമുള്ള കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്തുന്നതിന് ഉതകുന്ന പുതിയ പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ, വിശദാംശങ്ങൾ നൽകുമോ;

(ബി) കേന്ദ്ര സർക്കാരിന്റെ സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് എല്ലാവിധ വിദ്യാഭ്യാസ സൗകര്യങ്ങളും നൽകി വരുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ IEDSS പദ്ധതിയിൽ ശാരീരികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നിവ ബാധിച്ച കുട്ടികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം വൈദ്യ പരിശോധനാ ക്യാമ്പ് വഴി കണ്ടെത്തുന്ന കുട്ടികൾക്ക് സാമ്പത്തിക സഹായം, റിസോഴ്സ് അദ്ധ്യാപകരുടെ സേവനം, അറ്റൻഡറുടെ സേവനം, തെറാപ്പി സേവനങ്ങൾ, റിസോഴ്സ് റൂം, റിസോഴ്സ് റൂമിലേക്കുള്ള ഉപകരണങ്ങൾ, ICT റിസോഴ്സസ്, ടീച്ചർമാർക്കും രക്ഷിതാക്കൾക്കും മറ്റുമുള്ള ഓറിയന്റേഷൻ പ്രോഗ്രാമുകൾ എന്നിവ നടത്തി വരുന്നു. ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, വാസ്തു ശില്പപരമായ തടസ്സങ്ങൾ നീക്കം ചെയ്യൽ, എൻവയൺമെന്റ് ബിൽഡിംഗ് പരിപാടികൾ തുടങ്ങിയ സേവനങ്ങളും വിദ്യാർത്ഥി കൾക്കായി നടത്തി വരുന്നു. IEDSS-ൻ കീഴിൽ കരാർ വ്യവസ്ഥയിൽ റിസോഴ്സ് ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. നിലവിൽ 11620/- രൂപ (കൺസോളിഡേറ്റഡ്) ശമ്പള മാണ് റിസോഴ്സ് അദ്ധ്യാപകർക്ക് നൽകുന്നത്. കൂടാതെ കേന്ദ്ര മാനവശേഷി വികസന മന്ത്രാലയം (MHRD) നിഷ്കർഷിക്കുന്ന യോഗ്യതയുള്ളവർക്ക് 400/-രൂപ സ്പെഷ്യൽ അലവൻസ് നൽകുന്നു.

| | | | |
|---|---|---|---|
| (സി) | ഇത്തരം കുട്ടികൾക്ക് പ്രത്യേകം പരിശീലനം സിദ്ധിച്ച അദ്ധ്യാപകരുടെ സഹായം ആവശ്യമുണ്ടെന്നു കരുതുന്നുവോ; എങ്കിൽ, അത്തരത്തിലുള്ള അദ്ധ്യാപകരുടെ സേവനം എല്ലാ സ്കൂളുകളിലും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള സ്പെഷ്യൽ സ്കൂളുകളിൽ പ്രത്യേക പരിശീലനം നേടിയ അദ്ധ്യാപകരുടെ സേവനം ആവശ്യാനുസരണം ലഭ്യമാണ്. സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരം പ്രത്യേകം പരിശീലനം ലഭിച്ച 638 അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. കൂടുതൽ അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ.